LIBRARY ARCHIVES Kerala Legislative Assembly

കേരള ഒളിമ്പിക് അസ്സോസിയേഷന്റെ പ്രവർത്തനങ്ങൾ

260 (2980) ശ്രീ കെ. യു. ജനീഷ് കുമാർ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. എം. വിജിൻ:
ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒളിമ്പിക് അസ്സോസിയേഷൻ സംസ്ഥാനത്തെ കായിക മേഖലയ്ക്ക് നൽകുന്ന സംഭാവന എന്തെല്ലാമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) അസ്സോസിയേഷൻ വിഭാവനം ചെയ്യുന്ന ഒളിമ്പിക് വേവ് പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

(എ&ബി) അന്താരാഷ്ട്ര ഒളിമ്പിക് കമ്മിറ്റി (ഐ.ഒ.സി) പ്രസിദ്ധീകരിച്ചിട്ടുള്ള ഒളിമ്പിക് ചാർട്ടറിൽ വിഭാവനം ചെയ്യുന്ന 'ഒളിമ്പിക് മൂവ്മെന്റ്'-ന്റെ പ്രചരണാർത്ഥം ഓരോ രാജ്യത്തും പ്രവർത്തിക്കുന്ന ദേശീയ ഒളിമ്പിക് അസ്സോസിയേഷനുകളിൽ ഒന്നായ ഇൻഡ്യൻ ഒളിമ്പിക് അസ്സോസിയേഷന്റെ അഫിലിയേഷനോടെ പ്രവർത്തിക്കുന്ന സംസ്ഥാന ഘടകമായ കേരള ഒളിമ്പിക് അസ്സോസിയേഷന്റെ സംസ്ഥാനത്തെ കായിക പ്രവർത്തനങ്ങളിലെ പങ്ക് ഒളിമ്പിക്സ് ഉൾപ്പെടെയുള്ള അന്താരാഷ്ട്ര മത്സരങ്ങൾക്ക് പ്രചാരണം നൽകുക, സംസ്ഥാനത്തെ വിവിധ കായിക സംഘടനകളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുക, സംസ്ഥാന ടീമുകളുടെ ദേശീയ ഗെയിംസ് ഉൾപ്പെടെയുള്ള മത്സരങ്ങളിലെ പ്രാതിനിധ്യം ഉറപ്പാക്കുക, കായിക താരങ്ങളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുക തുടങ്ങിയവയാണ്. 2020-21 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയിരുന്ന തുക ലഭിക്കുന്നതിനായി കേരള ഒളിമ്പിക് അസോസിയേഷൻ കായിക യുവജനകാര്യ ഡയറക്ടർക്ക് സമർപ്പിച്ച പ്രൊപ്പോസൽ പ്രകാരം പ്രസ്തുത അസ്സോസിയേഷൻ നടപ്പിലാക്കിയതും തുടർന്നുവരുന്നതുമായ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കോവിഡ് പശ്ചാത്തലത്തിൽ യൂട്യൂബ്, വിക്ടേഴ്സ് ചാനലുകൾവഴി കായിക മത്സരങ്ങൾ, പരിശീലന പദ്ധതികൾ എന്നിവ സംബന്ധിച്ച പരിപാടികൾ പ്രാദേശിക ഭാഷയിൽ സംപ്രേഷണം ചെയ്തുവരുന്നു. കായികതാരങ്ങൾ, സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി സ്പോർട്സ് അതോറിറ്റി ഓഫ് ഇൻഡ്യ ലക്ഷ്മിഭായി നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷന്റെ സഹകരണത്തോടെ "സ്റ്റേ ഫിറ്റ്" എന്ന കായികക്ഷമതാ പരിപാടി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. കുട്ടികൾക്ക് സ്വയം സുരക്ഷയ്ക്കായുള്ള ബോധവത്ക്കരണം നടത്തുന്നതിന് കേരള

പോലീസുമായി സഹകരിച്ച് "സ്റ്റേ അലർട്ട്" എന്ന പരിപാടിയും ആവിഷ്കരിച്ചിട്ടുണ്ട്. കോവിഡ് പശ്ചാത്തലത്തിൽ ദേശീയ, അന്തർദേശീയ കായിക ഫെഡറേഷനുകളുമായി ചേർന്ന് ഓൺലൈനായി മോട്ടിവേഷൻ ക്ലിനിക്ക്, സെമിനാറുകൾ, റിഫ്രഷർ കോഴ്സുകൾ, മുതിർന്നവരെ ലക്ഷ്യമിട്ട് ഒളിമ്പിക് വേവ് തുടങ്ങിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

(സി) സംസ്ഥാന-ജില്ലാ ഒളിമ്പിക് അസ്സോസിയേഷനുകളുടെ വരവ്-ചെലവുകൾ ഓഡിറ്റ് ചെയ്യുന്നത് ഏത് ഏജൻസിയാണെന്ന് അറിയിക്കാമോ?

കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ അഫിലിയേഷനോടെയോ കായിക വകുപ്പിന്റെ നിയന്ത്രണത്തിലോ പ്രവർത്തിക്കാത്തതിനാൽ വരവുചെലവ് കണക്കുകളുടെ ഓഡിറ്റ് സംബന്ധിച്ച വിവരം ലഭ്യമല്ല.

(ഡി) അസ്സോസിയേഷന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് ഏതെല്ലാം സ്രോതസ്സുകളിൽ നിന്നാണ് ലഭ്യമാകുന്നത്?

അഫിലിയേഷൻ ഫീസ്, ഡൊണേഷൻ, രജിസ്ട്രേഷൻ ഫീസ്, സ്പോൺസർഷിപ്പ്, ചാനൽ/മത്സര സംപ്രേഷണ അവകാശം, സർക്കാർ അനുവദിച്ച പരിപാടി നടത്തിപ്പ് ചെലവ്, ബാങ്ക് ഇന്ററസ്റ്റ് എന്നീ ഇനങ്ങളിലായി കേരള ഒളിമ്പിക് അസോസിയേഷന് വരുമാന സ്രോതസ്സുകളുള്ളതായും മേൽഇനങ്ങളിലായി 2019-20 സാമ്പത്തിക വർഷം 40,57,762 രൂപയും 2020-21 സാമ്പത്തിക വർഷം 43,83,999 രൂപയും വരുമാനമുള്ളതായും കായിക സംഘടനകൾ, സ്വകാര്യ വ്യക്തികൾ, കൈവശമുള്ള ഇതര ഫണ്ട് എന്നിവയിൽനിന്നായി 2019-20 സാമ്പത്തിക വർഷം 12,50,000 രൂപയും 2020-21 സാമ്പത്തിക വർഷം 14,75,000 രൂപയും ലോണായി സമാഹരിച്ചിട്ടുള്ളതായി പ്രസ്തുത അസ്സോസിയേഷൻ കായിക യുവജനകാര്യ ഡയറക്ടറേറ്റിൽ സമർപ്പിച്ച രേഖകൾ പ്രകാരം കാണുന്നു. കൂടാതെ 2020-21 സാമ്പത്തിക വർഷത്തെ ബഹു. ധനകാര്യ വകുപ്പുമന്ത്രിയുടെ ബജറ്റ് മറുപടി പ്രസംഗത്തിൽ കേരള ഒളിമ്പിക് അസ്സോസിയേഷന് 50 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ആയതിൽ നിന്നും 25 ലക്ഷം രൂപ നിബന്ധനകൾക്ക് വിധേയമായി അനുവദിച്ചിരുന്നു.

(ഇ) ഒളിമ്പിക്സ് പ്രചാരണത്തിന്റെ ഭാഗമായി കായിക മേഖലയിൽ ആകർഷകമായ ഏതെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഒളിമ്പിക്സ് പ്രചാരണത്തിന്റെ ഭാഗമായി ഒളിമ്പിക് വേവ് എന്ന പദ്ധതി സംഘടിപ്പിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly